# കെ.പി.ശശികല അറസ്റ്റിൽ, സ്റ്റേഷനിൽ നിരാഹാരം

## ■ നേതാക്കളുടെ അറസ്റ്റ് തുടരുന്നു
## ■ പ്രവർത്തകർ പൊലീസ് സ്റ്റേഷൻ ഉപരോധിച്ചു

ശബരിമല: ഇരുമുടിക്കെട്ടുമായി ശബരിമല ദർശനത്തിനെത്തി മലകയറുന്നതിനിടെ അറസ്റ്റിലായ ഹിന്ദു ഐക്യവേദി നേതാവ് കെ.പി.ശശികല റാന്നി പൊലീസ് സ്റ്റേഷനിൽ നിരാഹാരസമരം ആരംഭിച്ചു. ഇതിന് പിന്നാലെ ശബരിമല കർമ്മസമിതി പ്രവർത്തകർ ഇന്ന് പുലർച്ചെ പൊലീസ് സ്റ്റേഷൻ ഉപരോധിച്ചു.

ശബരിമല ആചാരസംരക്ഷണ സമിതി കൺവീനർ പൃഥ്വിപാൽ, ബി.ജെ.പി നേതാവ് പി.സുധീർ എന്നിവരെയും റാന്നി പൊലീസ് സ്റ്റേഷനിൽ കരുതൽ തടങ്കലിൽ പാർപ്പിച്ചിരിക്കുകയാണ്. ഇന്നലെ രാത്രി ഏഴരയോടെ മരക്കൂട്ടത്ത് എത്തിയ ശശികലയെ പൊലീസ് തടയുകയായിരുന്നു. തുടർന്ന് അർദ്ധരാത്രി 1.40 ഓടെയാണ് അറസ്റ്റ് ചെയ്തത്.

മടങ്ങിപ്പോകണമെന്ന് പലതവണ ആവശ്യപ്പെട്ടെങ്കിലും ഭക്തയായ താൻ ദർശനവും നെയ്യഭിഷേകവും നടത്താതെ മടങ്ങില്ലെന്ന് പൊലീസിനെ അറിയിച്ചു. തുടർന്നാണ് അറസ്റ്റ് ചെയ്തത്. ഇതേത്തുടർന്നാണ് ശബരിമല കർമ്മ സമിതി സംസ്ഥാന വ്യാപകമായി രാവിലെ 6 മുതൽ വൈകിട്ട് 6 വരെ ഹർത്താലിന് ആഹ്വാനം ചെയ്തത്. പിന്നീട് ഹിന്ദു ഐക്യവേദിയും ബി.ജെ.പിയും ഹർത്താലിന് പിന്തുണ പ്രഖ്യാപിച്ചു.




*ശശികലയെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ശബരിമല കർമ്മസമിതി പ്രവർത്തകർ റാന്നി പൊലീസ് സ്റ്റേഷൻ ഉപരോധിക്കുന്നു.*

ഇന്നലെ വൈകിട്ട് 5.30 ഓടെയാണ് പൃഥ്വിപാലിനെ പമ്പയിൽ നിന്ന് പൊലീസ് കസ്റ്റഡിയിലെടുത്തത്. ശബരിമല കർമ്മസമിതി നേതാവായ സ്വാമി ഭാർഗവറാമിനെ പമ്പയിൽ നിന്ന് കസ്റ്റഡിയിലെടുത്തെങ്കിലും പിന്നീട് വിട്ടയച്ചു. പട്ടികജാതി മോർച്ച സംസ്ഥാന അദ്ധ്യക്ഷൻ അഡ്വ.സുധീറിനെ ഇന്ന് പുലർച്ചെ സന്നിധാനത്തുനിന്ന് പൊലീസ് അറസ്റ്റ് ചെയ്തു. വ്യാപാരികൾ ഉൾപ്പെടെയുള്ളവരെ രാത്രി 11 ന് ശേഷം സന്നിധാനത്ത് തങ്ങാൻ അനുവദിക്കില്ലെന്നും ഭക്തരെ മല ചവിട്ടാൻ അനുവദിക്കില്ലെന്നും ഇന്നലെ ഉച്ചയോടെ പൊലീസ് അറിയിച്ചിരുന്നു. ഇതേ തുടർന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പദ്മകുമാർ ഇടപെട്ട് ദേവസ്വം മന്ത്രിയുമായി ചർച്ച നടത്തി നിയന്ത്രണങ്ങൾ പിൻവലിച്ചതായി അറിയിച്ചു.

എന്നാൽ നട അടച്ചശേഷം ഇരുമുടിക്കെട്ടും നെയ്യഭിഷേകത്തിനുള്ള ടോക്കണും ഇല്ലാത്തവരെ സന്നിധാനത്ത് തങ്ങാൻ പൊലീസ് അനുവദിച്ചില്ല. അതിനിടെ ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി കെ.സുരേന്ദ്രൻ ഇന്ന് ശബരിമലയ്ക്ക് പോകുമെന്ന് അറിയിച്ചിട്ടുണ്ട്.



*നിലയ്ക്കലിൽ നിന്ന് പമ്പയിലേക്ക് നടന്നുവരുന്ന അയ്യപ്പന്മാരെ പൊലീസ് പരിശോധിക്കുന്നു*

*ശ്രീധർലാൽ.എം.എസ്*



*ഹർത്താലിൽ എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിൽ വലഞ്ഞ യാത്രക്കാർ.*

*അനുഷ്ഭദ്രൻ*

## കാട്ടാക്കടയിൽ ചായക്കട തല്ലിതകർത്തു, കടക്കാരന് പരിക്ക്

കാട്ടാക്കട: ഹർത്താലനുകൂലികൾ കാട്ടാക്കടയിൽ ചായക്കട തല്ലി തകർത്തു. കാട്ടാക്കട മണ്ഡപത്തിൻ കടവ് റൂട്ടിൽ ചൂണ്ടുപലകയ്ക്ക് സമീപം മംഗലയ്ക്കൽ ഭാഗത്ത് അപ്പുക്കുട്ടന്റെ ചായക്കടയാണ് തല്ലി തകർത്തത്. ഇന്ന് 9.30 ഓടെയായിരുന്നു സംഭവം. കട അടയ്ക്കാനാവശ്യപ്പെട്ടെത്തിയ ഹർത്താൽ അനുകൂലികളാണ് അക്രമത്തിന് പിന്നിലെന്ന് പൊലീസ് പറഞ്ഞു. ഹർത്താലുകാരുടെ ആവശ്യപ്രകാരം കട അടയ്ക്കുന്നതിനിടെ ഇവർക്കൊപ്പമെത്തിയ ഒരു യുവാവാണ് അക്രമം കാട്ടിയത്. അക്രമം ചെറുക്കാൻ ശ്രമിക്കുമ്പോഴാണ് അപ്പുക്കുട്ടന് പരിക്കേറ്റത്. ഇയാൾ കാട്ടാക്കടയിലെ ആശുപത്രിയിൽ ചികിത്സ തേടി. സംഭവമറിഞ്ഞ് പൊലീസ് സ്ഥലത്തെത്തിയെങ്കിലും ആരെയും പിടികൂടാനായില്ല.

## ഹ്രസ്വ ചലച്ചിത്ര മത്സരം

തിരുവനന്തപുരം : ടൂൺസ് അനിമേഷൻ അക്കാഡമിയും സ്കില്ലാക്ട്സും ചേർന്ന് കോളേജ് വിദ്യാർത്ഥികൾക്കായി ഹ്രസ്വ ചലച്ചിത്ര മത്സരം സംഘടിപ്പിക്കുന്നു.

'എന്റെ കരിയർ പ്രതീക്ഷകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ ഇംഗ്ലീഷിലോ, മലയാളത്തിലോ രണ്ട് മിനിട്ട് ദൈർഘ്യമുള്ള ഹ്രസ്വ ചലച്ചിത്രങ്ങൾ അവതരിപ്പിക്കാം.

ഡിസംബർ 31 ന് മുമ്പായി മത്സര പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കണം.



*ശബരിമലയിൽ പോകാനായി തമ്പാനൂരിൽ എത്തിയവർ*

# നാട്ടുവിശേഷം

## ടി.എം. പത്മനാഭൻ അനുസ്മരണം

തിരുവനന്തപുരം: കേരള വിശ്വകർമ്മസഭ സംസ്ഥാന പ്രസിഡന്റായിരുന്ന ടി.എം. പത്മനാഭന്റെ നിര്യാണത്തിൽ തിരുവനന്തപുരം യൂണിയൻ അനുശോചിച്ചു. യൂണിയൻ പ്രസിഡന്റ് ഡോ. എസ്. ചന്ദ്രബാബു അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ സെക്രട്ടറി എം.കെ. മഹേന്ദ്രകുമാർ, വി.എൻ. ചന്ദ്രമോഹൻ, വേണുഗോപാൽ, ജി.എൽ. ഷീല, എം. ജയപ്രകാശ്, വി.എൻ. വിജയമോഹൻ, എസ്. സുരേഷ്കുമാർ, കെ. അപ്പു എന്നിവർ പ്രസംഗിച്ചു.

## മേലൂട്ട്കാവ് ക്ഷേത്രത്തിൽ മണ്ഡലച്ചിറപ്പ്

തിരുവനന്തപുരം: പേട്ട എസ്.എൻ. നഗർ മേലൂട്ട്കാവ് ദേവീ ക്ഷേത്രത്തിൽ മണ്ഡലച്ചിറപ്പ് മഹോത്സവം തുടങ്ങി. ഡിസംബർ 27ന് സമാപിക്കും. നവംബർ 20ന് രാവിലെ 7 മണി മുതൽ നാരായണീയ പാരായണം ഉണ്ടായിരിക്കുമെന്ന് സെക്രട്ടറി എസ്. ശ്രീകണ്ഠൻ അറിയിച്ചു.

## ആനന്ദനിലയത്തിൽ ശിശുദിനാഘോഷം

തിരുവനന്തപുരം: ആനന്ദനിലയം അനാഥമന്ദിരത്തിന്റെയും കർമ്മ സോഷ്യോ കൾച്ചറൽ ഓർഗനൈസേഷന്റെയും ആഭിമുഖ്യത്തിൽ നടന്ന ശിശുദിനാഘോഷ പരിപാടികൾ ടെലികോം ജനറൽ മാനേജർ ഡോ. ജ്യോതിശങ്കർ ഉദ്ഘാടനം ചെയ്തു. ആനന്ദനിലയം മുൻ പ്രസിഡന്റ് എൻ.കെ. ഗോപാലകൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കർമ്മ പ്രസിഡന്റ് കെ. മഹാദേവൻ ചിത്രരചനാമത്സര വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. ഡോക്ടറേറ്റ് ലഭിച്ച സെന്റ് തോമസ് ട്രെയിനിംഗ് കോളേജ് അസിസ്റ്റന്റ് പ്രൊഫ. വിദ്യയെ അനുമോദിച്ചു. ഗവ. ടീച്ചർ എഡ്യൂക്കേഷൻ കോളേജ് വൈസ് പ്രിൻസിപ്പൽ എ.വി. സുജിത്, സൂര്യനാരായണ കുഞ്ചുരായർ, വി. സുകുമാരൻ, ആനന്ദനിലയം സെക്രട്ടറി കുര്യാത്തി ശശി, കരുൺ കുര്യാത്തി എന്നിവർ പ്രസംഗിച്ചു.

## പൂർവ അദ്ധ്യാപക വിദ്യാർത്ഥി സംഗമം

വെള്ളറട: കുന്നത്തുകാൽ ഗവ: യു.പി സ്കൂളിൽ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പൂർവ അദ്ധ്യാപക വിദ്യാർത്ഥി സംഗമം ഇന്ന് വൈകിട്ട് 3ന് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്.എസ് അരുണിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. സി. കെ.ഹരീന്ദ്രൻ എം.എൽ.എ മുഖ്യാതിഥിയായിരിക്കും. ഡോ. ബിജു ബാലകൃഷ്ണൻ, വൈസ് പ്രസിഡന്റ് സജിത, വികസന കാര്യ ചെയർപേഴ്സൺ ഷീബാറാണി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ടി. അശോക്കുമാർ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഷിജുകുമാർ തുടങ്ങിയവർ പങ്കെടുക്കും. ഹെഡ്മിസ്ട്രസ് ഏയ്ഞ്ചൽ റോസ് സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സന്തോഷ്കുമാർ നന്ദിയും രേഖപ്പെടുത്തും.

## വെള്ളറടയിൽ പാറഖനനത്തിനുള്ള അനുമതികൾ റദ്ദാക്കണം: സി. പി. ഐ

വെള്ളറട: വെള്ളറട ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൻകിട കമ്പനികൾക്ക് പാറഖനനത്തിന് നൽകിയ അനുമതികൾ റദ്ദാക്കണമെന്ന് സി. പി. ഐ വെള്ളറട മണ്ഡലം കമ്മറ്റി ആവശ്യപ്പെട്ടു. യാതൊരുവിധ പരിശോധനകളും നടത്താതെ ഈ മേഖലയിൽ ഖനനത്തിന് ലൈസൻസ് നൽകുന്നതിൽ ചിലർ ശ്രമിക്കുന്നതായാണ് സിപിഐയുടെ ആരോപണം. വെള്ളറട ഗ്രാമപഞ്ചായത്ത് കമ്മറ്റിയിൽ മീതിമലയിൽ പുതിയ ഖനനത്തിന് അനുമതിക്കായുള്ള ചർച്ചയിൽ പാർട്ടി നിലപാടിന് വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ നടപടിയെടുക്കും സിപിഐ ഭാരവാഹികൾ അറിയിച്ചു.

## സൗജന്യ ഡയബറ്റിക് നിർണയ ക്യാമ്പ്

ആറ്റിങ്ങൽ: ആറ്റിങ്ങൽ ലയൺസ് ക്ലബും അമർ ആശുപത്രിയും സംയുക്തമായി ലോക ഡയബറ്റിക് ദിനാചരണത്തോടനുബന്ധിച്ച് 18 ന് രാവിലെ 8 മുതൽ 11 വരെ ആറ്റിങ്ങൽ ലയൺസ് ഹാളിൽ സൗജന്യ ഡയബറ്റിക് നിർണയ ക്യാമ്പ് നടത്തും. സൗജന്യ ഷുഗർ ടെസ്റ്റ്, രക്തസമ്മർദ്ദ പരിശോധന, കൺസർട്ടേഷൻ എന്നിവ ഉണ്ടാകും. ഫോൺ: 9447041628.

## ജ്യോതി നിലയം സ്കൂളിൽ ക്വിസ് മത്സരം

കഴക്കൂട്ടം: ഗാന്ധിജിയുടെ 150-ാം ജന്മവാർഷികാഘോഷങ്ങളോടനുബന്ധിച്ച് സെന്റ് ആൻഡ്രൂസ് ജ്യോതിനിലയം ഹയർസെക്കൻഡറി സ്കൂളിൽ 21 ന് രാവിലെ 9.30ന് ഇന്റർ സ്കൂൾ ക്വിസ് മത്സരം സംഘടിപ്പിക്കും. 'സ്വാതന്ത്ര്യാനന്തര ഭാരതം' എന്ന വിഷയത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കാണ് മത്സരം. വിവരങ്ങൾക്ക് 8547336919



*ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരം സൗഹൃദ കൂട്ടായ്മയുടെ സേവനശ്രീ പുരസ്കാരത്തിന് അർഹനായ എസ്.വിനയചന്ദ്രൻ നായർ*